*നം.എൽ.എഫ്.പി.റ്റി.എ/പി 8/325/15* *തീയതി 17-06-2015 /16-07-2015*

*പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ് ,1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 18ാം വകുപ്പ് , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

| | |
|---|---|
| ***ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും*** | **ശ്രീ. വി.കെ.ഷാജി,**<br>**ഡെപ്യൂട്ടി ഡയറക്ടർ** |
| ***ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം*** | **: എൽ.എഫ്.പി.റ്റി.എ.പി-1.456(16)/2014 തീ 26-10-2014 (വിശേഷണങ്ങളില്ലാത്തത്)** |
| ***ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ*** | **: 2013-14 വർഷത്തെ വരവ്-ചെലവ് കണക്കുകൾ** |

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് 17.05.2014മുതൽ 16.4.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ***ഓഡിറ്റിന് വിനിയോഗിച്ച സമയം*** | ***ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം*** |
|---|---|
| 17.4.2015 മുതൽ 30.4.2015 വരെ | ശ്രീ. നടരാജൻ പി ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി ദീപാ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഷൈജു വൈ , സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| **പ്രസിഡന്റ്** | : | ശ്രീ. റ്റി.കെ .രാമചന്ദ്രൻ നായർ (1.04.2013 മുതൽ 02.06.2013വരെ)<br>ശ്രീ. പി.ജി .രാമചന്ദ്രൻ നായർ(03.06.2013 മുതൽ 22.02.2014വരെ)<br>ശ്രീ. റ്റി.കെ .രാമചന്ദ്രൻ നായർ(23.02.2014 മുതൽ 31.03.2014വരെ) |
| **സെക്രട്ടറി** | : | ശ്രീ. മധുസൂദനപണിക്കർ (01.04.2013 മുതൽ 31-03-2014 വരെ) |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

## ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

# ഭാഗം 1: പൊതു അവലോകനം

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2013-14വർഷത്തെ ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| *ബഡ്ജറ്റ് പാസ്സാക്കിയ തീയതി* | *ബഡ്ജറ്റ് പ്രകാരമുള്ള* | | *വാർഷിക കണക്ക് പ്രകാരമുള്ള* | |
|---|---|---|---|---|
| | *വരവ്* | *ചെലവ്* | *വരവ്* | *ചെലവ്* |
| 27.03.13 | 49540675 | 43858500 | 37669526 | 34378833 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ ബഡ്ജറ്റിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ്

നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാൻ്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം എന്ന നിബന്ധന കൃത്യമായി പാലിച്ചിട്ടില്ല. ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിയിൽ ബഡ്ജറ്റ് അവതരിപ്പിച്ച് നിർദ്ദേശങ്ങൾ സ്വീകരിച്ച്, അന്തിമമാക്കി, ജനറൽ കമ്മിറ്റിയിൽ അവതരിപ്പിക്കാനുള്ള തീരുമാനം എടുത്തിട്ടില്ല. ജനറൽ കമ്മിറ്റിയിൽ 27.3.2013-ന് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുണ്ട്. .ബഡ്ജറ്റ് യഥാസമയം നടപടിക്രമങ്ങൾ പാലിച്ച് പാസ്സാക്കുന്നതിനും പദ്ധതി ചെലവുകൾ ബജറ്റിന്റെ ഭാഗമാക്കുന്നതിന് റിവൈസ്ഡ് ബഡ്ജറ്റ് പാസ്സാക്കുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. എന്നാൽ ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവിനേക്കാൾ വളരെ കുറവാണ് യഥാർത്ഥ വരവ്-ചെലവ് കണക്കുകൾ. യാഥാർത്ഥ്യബോധത്തോടെയല്ല ബഡ്ജറ്റ് തയ്യാറാക്കിയത് എന്നു് ഇതിൽ നിന്നും വ്യക്തമാണ്.ഏതാനം ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

## വരവിനം

| വരവിനം | സാംഖ്യ കോഡ് | ബജറ്റ് പ്രകാരമുള്ള തുക | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|---|
| തൊഴിൽ നികുതി (കുടിശ്ശിക) | 431190102 | 10000 | 28240 | 18240 |
| തൊഴിൽ നികുതി(തൻ വർഷം) | 431190101 | 700000 | 537400 | 162600 |
| വസ്തുനികുതി (കുടിശ്ശിക) | 431100102 | 1000000 | 493589 | 506411 |
| വസ്തുനികുതി(തൻ വർഷം) | 431100101 | 2500000 | 1420359 | 1079641 |
| പെർമിറ്റ് ഫീ | 140120101 | 100000 | 14829 | 85171 |
| രജി ഫീ- വിവാഹം | 140100101 | 30000 | 12540 | 17460 |
| ജനറൽ പർപ്പസ് ഫണ്ട്. | 160100501 | 2800000 | 3757034 | 957034/- |

## ചെലവിനം

| ചെലവിനം | സാംഖ്യ കോഡ് | ബജറ്റ് പ്രകാരമുള്ള തുക | യഥാർത്ഥ ചെലവ് | വ്യത്യാസം |
|---|---|---|---|---|
| ശമ്പളം (എസ്റ്റാബ്ളിഷ് മെന്റ്) | 210100102 | 3250000 | 2865161 | 384839 |

| | | | | |
|---|---|---|---|---|
| ശമ്പളം (എഫ്.റ്റി.എസ്) | 210100104 | 250000 | 69291 | 180709 |
| ഹോണറേറിയം- പ്രസിഡന്റ്<br>-വൈസ് പ്രസിഡന്റ്<br>-മെമ്പർമാർ | 210200301<br>210200304<br>210200306 | 90000<br>90000<br>270000 | 64370<br>58155<br>340814 | 25630<br>31845<br>70814 |
| കറന്റ് ചാർജ്ജ്- ഓഫീസ്<br>-സ്ട്രീറ്റ് ലൈറ്റ് | 220110101<br>230100101 | 90000<br>700000 | 58409<br>625522 | 31591<br>74478 |
| വെള്ളക്കരം- ഓഫീസ്<br>- സ്ട്രീറ്റ് ടാപ്പ് | 220110103<br>230110104 | 10000<br>1300000 | 3024<br>914456 | 6976<br>385544 |
| ഡീസൽ ചാർജ്ജ് | 230100202 | 100000 | 79118 | 20882s |

ഭാവിയിൽ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ വരവ്-ചെലവ് കണക്കുകൾ കൂടി പരിഗണിക്കേണ്ടതാണ്.മേൽ പറഞ്ഞ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 64803/- രൂപ ഓഡിറ്റിൽ അംഗീകരിക്കുവാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായും കാണുന്നു. കൂടാതെ, വിവിധ കാരണങ്ങളാൽ 370000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-2 വാർഷിക കണക്കുകൾ

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 24-09-2014 ന് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. 26-10-2014-ലെ നം. എൽ.എഫ്.പി.റ്റി.എ-പി1-456(16)/2014 കത്ത് പ്രകാരം സ്ഥാപനത്തിന് വിശേഷണങ്ങളില്ലാത്ത സാക്ഷ്യപത്രമാണ് നൽകിയിട്ടുള്ളത്.

## 1-3 പദ്ധതി അവലോകനം

ഗ്രാമപ്പഞ്ചായത്തന്റെ 2013-14 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നമ്പർ 1461/2013/DPC/DPO/PTA തീയതി 16.5.13 പ്രകാരം അംഗീകാരം ലഭിച്ചു. 74 പുതിയ പദ്ധതികളും 9 സ്പിൽ ഓവർ

പദ്ധതികളും ഉൾപ്പെടെ ആകെ 83 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 69 പുതിയതും 9 സ്പിൽ ഓവർ പ്രൊജക്ടുകളും ഉൾപ്പെടെ 78 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

തൻവർഷം ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു-

| *ഇനം* | *മേഖല* | *പദ്ധതികളുടെ എണ്ണം* | | *തുക* | |
|---|---|---|---|---|---|
| | | *ആവിഷ്കരിച്ചത്* | *നടപ്പിലാക്കിയത്* | *അടങ്കൽ* | *ചെലവ്* |
| ജനറൽ | ഉല്പാദനം | 5 | 5 | 1207100 | 503850 |
| | സേവനം | 30 | 30 | 6883411 | 6543697 |
| | പശ്ചാത്തലം | 39 | 37 | 11634510 | 10952152 |
| എസ്.സി.പി | സേവനം | 8 | 6 | 2734469 | 2080461 |
| റ്റി.എസ്.പി | സേവനം | 1 | 0 | 50000 | 0 |
| ***ആകെ*** | | **83** | **78** | **22509490** | **20080160** |

തൻ വർഷം പദ്ധതി അടങ്കലിന്റെ 89 ശതമാനം ചെലവഴിക്കാൻ സാധിച്ചുവെന്നുള്ളത് പഞ്ചായത്ത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നും പദ്ധതി നടത്തിപ്പിനോടുള്ള നല്ല സമീപനത്തിലേക്ക് വിരൽ ചൂണ്ടുന്നു.ആവിഷ്ക്കരിച്ച 83 പദ്ധതികളിൽ 39 എണ്ണവും പൊതുമരാമത്ത് പ്രവൃത്തികളാണ്.പ്രസ്തുത പദ്ധതികളിൽ ഭൂരിഭാഗവും കോൺക്രിറ്റിംഗ് പ്രവൃത്തികളാണ്. പൊതുമരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും നടപ്പിലാക്കിയിരിക്കുന്നത് വാർഡ് അടിസ്ഥാനത്തിലാണ്.വാർഡ് വികസനം എന്ന സങ്കുചിത കാഴ്ചപ്പാടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം എന്ന കാഴ്ചപ്പാടിലേക്ക് ഗ്രാമപഞ്ചായത്ത് അംഗങ്ങൾ ഇതുവരെ മാറിയിട്ടില്ല എന്നത് ഇത് സൂചിപ്പിക്കുന്നു.

## 1-4 രജിസ്റ്ററുകളുടെയും വൗച്ചറുകളുടെയും സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിലെ വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

***ഡെപ്പോസിറ്റ് രജിസ്റ്റർ***:- കാലാവധി പൂർത്തീകരിച്ചതും തിരിച്ചു നൽകേണ്ട തീയതി മുതൽ മൂന്നു വർഷക്കാലം അവകാശവാദം ഉന്നയിക്കാതെ ശേഷിക്കുന്നതുമായ ക്യാഷ് ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല. *(ഖണ്ഡിക 2-1കാണുക)*

***അഡ്വാൻസ് രജിസ്റ്റർ***

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് .

## 1-5 മിനിട്ട്സ് ബുക്കുക്കളുടെ പരിപാലനം

*ജനറൽ കമ്മിറ്റി*

ഗ്രാമപ്പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 4/2013 മുതൽ 3/2014 വരെയുള്ള കാലയളവിലെ മിനിട്ട്സ് പരിശോധനാ വിധേയമാക്കി. ഈ കാലയളവിൽ 24 യോഗങ്ങൾ ചേർന്നിട്ടുണ്ട്.മിനിറ്റ്സ് ബുക്ക് കൃത്യമായി പരിപാലിച്ചിട്ടുണ്ട്.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ 2013-14 വർഷം യോഗം ചേർന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു-

| *സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര്* | *ചേർന്ന കമ്മിറ്റികളുടെ എണ്ണം* | *റിമാർക്സ്* |
|---|---|---|
| ആരോഗ്യം/വിദ്യാഭ്യാസം | 12 | തൃപ്തികരമാണ് |
| ധനകാര്യം | 13 | തൃപ്തികരമാണ് |
| വികസനകാര്യം | 13 | തൃപ്തികരമാണ് |
| ക്ഷേമകാര്യം | 12 | തൃപ്തികരമാണ് |

## 1-6 ദുരിതാശ്വാസനിധി

2003-ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത ഫണ്ടിൽ നിന്നും ഓഡിറ്റ് സമയം വരെയും സഹായധനം വിതരണം ചെയ്തിട്ടില്ല.4500/- രൂപ പ്രസ്തുത ഫണ്ടിൽ വരവുണ്ട്.ദുരിതാശ്വാസനിധി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ഗ്രാമസഭ

പഞ്ചായത്തിലെ പദ്ധതി രൂപീകരണം,ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമസഭയുടെ പങ്കാളിത്തം 2013-14 വർഷം വളരെ കുറവാണ്. ഗ്രാമസഭകളിൽ നിന്നും പദ്ധതി രൂപീകരണത്തിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉയർന്നു വരുന്നില്ല എന്ന് മിനിട്ട്സ് ബുക്കിൽ നിന്നും വ്യക്തമാണ്. 23.10.2008-ലെ സർക്കുലർ നം. 34900/ഡി.എ3/08/ത.സ്വ.ഭ.വ പ്രകാരം ഒരു കലണ്ടർ വർഷാവസാനം, കഴിയുമെങ്കിൽ ഡിസംബർ മാസത്തിൽ ചേരുന്ന ഗ്രാമസഭകളിൽ ഭക്ഷ്യമായം ചേർക്കൽ തടയൽ നിയമം, ഉപഭോക്താക്കളുടെ അവകാശങ്ങൾ തുടങ്ങിയ ഉപഭോക്തൃ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിർബന്ധമായും അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം എന്നു് നിർദ്ദേശിക്കുന്നു. എന്നാൽ അത്തരം വിഷയങ്ങൾ ഒന്നും തന്നെ ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. പെൻഷൻ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കൽ, വിവിധ ഓഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടുകളുടെ ചർച്ചകൾ എന്നിവ ഗ്രാമസഭകളിൽ നടക്കുന്നില്ല. ഗ്രാമസഭ കേവലം ഗുണഭോക്തൃ തെരഞ്ഞടുപ്പിന്റെ വേദിയായി മാത്രം മാറിയിട്ടുള്ളത് വളരെ ഗൗരവമുള്ള സംഗതിയാണ്. ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്കാളിത്തം പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഉണ്ടാകാനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | വാർഡിന്റെ പേര് | ആകെ വോട്ടർമാർ | ഗ്രാമസഭ കൂടിയ തീയതി | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|---|
| 1 | കള്ളിപ്പാറ | 1078 | 16/05/2013 | 45 | 64 | 109 |
| | | | 17/10/2013 | 22 | 86 | 108 |
| | | | 03/01/2014 | 13 | 93 | 106 |
| 2 | ചരൽക്കുന്ന് | 716 | 16/05/2013 | 10 | 70 | 80 |
| | | | 09/10/2013 | 15 | 59 | 74 |
| | | | 03/01/2014 | 19 | 54 | 73 |
| 3 | മരംകൊള്ളി | 978 | 18/05/2013 | 21 | 79 | 100 |
| | | | 19/10/2013 | 10 | 89 | 99 |
| | | | 11/01/2014 | 09 | 90 | 99 |
| 4 | പൊൻമല | 1067 | 17/05/2013 | 07 | 148 | 155 |
| | | | 04/10/2013 | 16 | 98 | 114 |
| | | | 04/01/2014 | 06 | 123 | 129 |
| 5 | കുറിയന്നൂർ | 961 | 17/05/2013 | 11 | 86 | 97 |

| | | | | | | |
|---|---|---|---|---|---|---|
| | | | 05/10/2013 | 20 | 72 | 92 |
| | | | 08/01/2014 | 03 | 83 | 86 |
| 6 | കട്ടേപ്പുറം | 826 | 16/05/2013 | 09 | 61 | 70 |
| | | | 05/10/2013 | 20 | 72 | 92 |
| | | | 08/01/2014 | 03 | 83 | 86 |
| 7 | നെടുംപ്രയാർ | 752 | 18/05/2013 | 42 | 36 | 78 |
| | | | 05/10/2013 | 33 | 49 | 82 |
| | | | 08/01/2014 | 37 | 39 | 76 |
| 8 | മാരാമൺ | 790 | 16/05/2013 | 23 | 60 | 83 |
| | | | 10/10/2013 | 18 | 64 | 82 |
| | | | 21/01/2014 | 09 | 55 | 64 |
| 9 | തോട്ടപ്പുഴശ്ശേരി | 739 | 18/05/2013 | 10 | 68 | 78 |
| | | | 07/10/2013 | 05 | 72 | 77 |
| | | | 10/01/2014 | 09 | 69 | 78 |
| 10 | വെള്ളങ്ങൂർ | 862 | 18/05/2013 | 28 | 72 | 100 |
| | | | 07/10/2013 | 32 | 56 | 88 |
| | | | 10/01/2014 | 33 | 71 | 104 |
| 11 | ചാലായിക്കര | 828 | 17/05/2013 | 07 | 76 | 83 |
| | | | 03/10/2013 | 16 | 67 | 83 |
| | | | 11/01/2014 | 21 | 62 | 83 |
| 12 | ചിറയിറമ്പ് | 659 | 17/05/2013 | 14 | 57 | 71 |
| | | | 11/10/2013 | 26 | 54 | 80 |
| | | | 01/01/2014 | 15 | 52 | 67 |
| 13 | തോണിപ്പുഴ | 813 | 16/05/2013 | 33 | 59 | 92 |
| | | | 19/10/2013 | 25 | 71 | 96 |
| | | | 15/01/2014 | 11 | 81 | 92 |

# 1-8 വർക്കിംഗ് ഗ്രൂപ്പുകൾ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം പതിമൂന്ന് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ ഒന്നും നിർവ്വഹിച്ചിട്ടില്ല. കൃഷി,മൃഗസംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ കൊടുത്ത് പദ്ധതികൾ തയ്യാറാക്കുന്നില്ല.ആയതിനാൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള കൂടുതൽ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് ഓരോ പ്രോജക്ടും വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടർ ചെയ്യേണ്ടതുണ്ട്. എന്നാൽ പ്രോജക്ടുകൾ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചുവോ എന്ന് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിട്ടറിംഗിന് വിധേയമാക്കുന്നില്ല.ആയതിനാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ബോധപൂർവ്വമായ ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# 1-9 ഫണ്ട് വിനിയോഗം

2013-14 വർഷത്തെ വിവിധ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു-

| *ഇനം* | *പ്രാരംഭ ബാക്കി* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കി ബാക്കി* | *വിനിയോഗ ശതമാനം* |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 367841 | 5411000 | 5778841 | 5482404 | 296437 | 94.87 |
| വികസന ഫണ്ട് (എസ്.സി.പി) | 699469 | 1985000 | 2684469 | 2080461 | 604008 | 77.50 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 31000 | 31000 | 0 | 31000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 514778 | 4824000 | 5338778 | 5338776 | 2 | 100 |
| സംരക്ഷണ ഗ്രാന്റ് (നോൺ-റോഡ്) | 26576 | 1864000 | 1890576 | 1681495 | 209081 | 89 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 179142 | 2730880 | 2910022 | 2816395 | 93627 | 97 |
| KLGSDP | 373564 | 1472000 | 1845564 | 1770262 | 75302 | 96 |

## 1-10 ലൈബ്രറി സെസ്സ്

2012-13മുതൽ 2013-14 വരെയുള്ള ലൈബ്രറി സെസ് തുകയായ 147318/- രൂപ തൻവർഷം ഒടുക്കിയിട്ടുണ്ട്. (ഡി.ഡി.നം-1408583 തീ 18-05-2014 )

## 1-11 വാട്ടർ ചാർജ്ജ്,

ഗ്രാമപഞ്ചായത്തിൽ 2013-14 സാമ്പത്തിക വർഷം 233വാട്ടർ ടാപ്പുകൾക്ക് പ്രതിമാസം 67958/-രൂപ വീതമാണ് ഒടുക്കു വരുത്തിയിട്ടുള്ളത്.വാട്ടർ ചാർജ്ജ് അധികമായി അടച്ചത്,ജോയിന്റ് വേരിഫിക്കേഷൻ നടത്തിയതിലെ പ്രശ്നങ്ങൾ എന്നിവ മൂലം ഏപ്രിൽ 2014-നു ശേഷം ഗ്രാമപഞ്ചായത്തിൽ നിന്നും വെള്ളക്കരം അടവാക്കിയിട്ടില്ല. (വിശദാംശങ്ങൾ ഖണ്ഡിക 3-14 കാണുക)

## 1-12 വൈദ്യുതി ചാർജ്ജ്

തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ 625522/- രൂപയാണ് 2013-14 സാമ്പത്തിക വർഷം അടവാക്കിയത് .തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കാനായുള്ള സർക്കാർ ഉത്തരവിന്മേൽ( 07-07-2010 ലെ 43472/ഡി.ഡി.3 /2010 ത.സ്വ.ഭ.വ നമ്പർ സർക്കുലർ) പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56 (ബി )പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലും ,ഇ.എം.ഡി ഇനത്തിലും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്ന തുകകൾ മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യാതെ വരുമ്പോൾ അവ പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.വർഷങ്ങളായി റീഫണ്ട് ചെയ്യാത്ത തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| **വർഷം** | **റീഫണ്ട് ചെയ്യാത്ത തുക** |
|---|---|
| 1998-99 | 500 |
| 1999-2000 | 6753 |
| 2000-01 | 2720 |
| 2001-02 | 1700 |
| 2002-03 | 1100 |
| 2003-04 മുതൽ 2007-08 വരെ (2005-06 ഒഴികെ) | 81215 |
| 2005-06 | 6749 |
| 2008-09 | 17322 |
| 2010-11 | 19880 |
| 2011-12 | 35647 |
| **ആകെ** | **173586** |

പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിരുന്നുവെങ്കിലും(തീരുമാനം നമ്പർ 13(2) തീ 16-02-2015 )ആയത് ഓഡിറ്റ് സമയത്തും തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി തുക അടിയന്തിരമായി തനത് ഫണ്ടിൽ മുതൽ കൂട്ടി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന തനത് വരുമാന മാർഗ്ഗമാണ് വസ്തുനികുതി. 2013-14ലെ വസ്തുനികുതി പിരിവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|

| കുടിശ്ശിക | തൻ വർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻ വർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 926038 | 1980812 | 2906850 | 493589 | 1420359 | 1913948 | 432449 | 560453 | 992902 | 53.30 | 71.70 | 66 |

.2013-14 സാമ്പത്തിക വർഷം മാത്രം പത്ത് ലക്ഷത്തോളം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു എന്നുള്ളത് ഗ്രാമപ്പഞ്ചായത്തധികാരികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതുമാണ്

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനക്രമികരിക്കണം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി പുതിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം പുന:ക്രമീകരിച്ചിട്ടില്ല.ആയത് പ്രകാരം ഒരു മൊബൈൽ ടവറിന് ചതുരശ്ര മീറ്ററിന് 400/- രൂപ മുതൽ 500/-രൂപ വരെ ഈടാക്കാവുന്നതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടവറിന്റെ പേര്/ കമ്പനി | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ടവറിന്റെ വിസ്തീർണ്ണം | നിലവിൽ ഈടാക്കുന്ന നികുതി | ഈടാക്കാവുന്ന നികുതി(കുറഞ്ഞ നിരക്ക്) | നികുതിയിലുള്ള വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ഐഡിയ മൊബൈൽ | 2/427 A | 8 ച.മീ | BT–648/-<br>LC - 32/- | BT – 3200/-<br>LC - 160/- | BT – 2552/-<br>LC - 128/- |
| 2 | വൊഡാഫോൺ ലിമിറ്റഡ് | 2/26B | 12 ച.മീ | BT – 432/-<br>LC - 22/- | BT – 4800/-<br>LC - 240/- | BT – 4368/-<br>LC - 218/- |
| 3 | എയർടെൽ | 6/16 A | 15 ച.മീ | BT – 720/-LC - 36/- | BT – 6000/-LC - 300/- | BT – 5280/-LC - 264/- |
| 4 | ഐഡിയ മൊബൈൽ | 5/95A | 12ച.മീ | BT – 432/-<br>LC - 22/- | BT – 4800/-<br>LC - 240- | BT – 4368/-<br>LC - 218/- |

| | | | | | | |
|---|---|---|---|---|---|---|
| 5 | റിലയൻസ് ലിമിറ്റഡ് | 7/438 A | 15 ച.മീ | BT – 720/-LC - 36/- | BT – 6000/-<br>LC - 300/- | BT – 5280/-<br>LC - 264/- |

പുതിയ നിരക്കിൽവസ്തു നികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഓ ലൈസൻസ് ഫീസ് പിരിച്ചെടുക്കുന്നതിൽ വീഴ്ച

ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല.പല വ്യാപാരസ്ഥാപനങ്ങളുടേയും പൂർണ്ണവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ലൈസൻസ് ഫീസ് പൂർണ്ണമായി പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് അലംഭാവം കാട്ടുന്നു.തൻവർഷം ലൈസൻസ് ഫീസ് ഇനത്തിൽ 3050/- രൂപയും കുടിശ്ശിക ഇനത്തിൽ 1700/- രൂപയും പിരിച്ചെടുക്കാനുണ്ട് എന്ന വസ്തുത പഞ്ചായത്തുപരിധിയിൽ വ്യാപാരസ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുന്നു

ലൈസൻസിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ വിശദമായ അന്വേഷണം നടത്താതെയാണ് ലൈസൻസ് നൽകുന്നത്.ലൈസൻസ് ഫീസിനത്തിൽ അനർഹമായ ഇളവ് ലഭിക്കുന്നതിനുവേണ്ടി പല അപേക്ഷകളിന്മേലും വിറ്റുവരവ് പരിമിതമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ തത്വത്തിൽ അംഗീകരിച്ച് അന്വേഷണം നടത്താതെയാണ് ലൈസൻസ് ഫീസ് ഈടാക്കുന്നത്.ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ഇല്ലാതാക്കുകയാണ് ഇത്തരം നടപടികളിലൂടെ ചെയ്യുന്നത്.ഈ സ്ഥിതിവിശേഷം ഭാവിയിൽ ഇല്ലാതാക്കുന്നതിന് ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും ശ്രദ്ധ ചെലുത്തേണ്ടതാണ്

2013-14ഷത്തെ ഡി ആന്റ് ഒ ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ താഴെ പറയും പ്രകാരമാണ്-

| | |
|---|---|
| ആകെ ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ | 232 |
| ട്രേ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം സ്ഥാപനങ്ങൾ | 224 |
| ലൈസൻസിന്റെ അപേക്ഷകൾ ഇല്ലാത്തത് | 45 |
| അന്വേഷണ റിപ്പോർട്ട് ഇല്ലാത്തത് | 25 |
| സെക്രട്ടറി അന്വേഷണ റിപ്പോർട്ട് സാക്ഷ്യപ്പെടുത്താത്തത് | 86 |
| ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്താത്ത അപേക്ഷകൾ | 58 |

മേൽ കണക്കുകൾ സൂചിപ്പിക്കുന്നത് പഞ്ചായത്ത് അധികൃതർ ഡി ആന്റ് ഒ ലൈസൻസ് വിതരണത്തിന് മതിയായ ശ്രദ്ധ ചെലുത്തുന്നില്ല എന്നാണ്. സാമ്പത്തിക വർഷം മുൻപ് തന്നെ ലൈസൻസ് എടുക്കണമെന്നുള്ള നിബന്ധന കർശനമാക്കേണ്ടതാണ്.

## 2-5 പരസ്യ നികുതി ഈടാക്കുന്നില്ല – വരുമാന നഷ്ടം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പരസ്യ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ജി.ഓ(പി) 128/02/ത.സ്വ.ഭ.വ/ 25.7.2002 (എസ്.ആർ.ഒ നമ്പർ 654/02) പ്രകാരം പരസ്യ നികുതി ചുമത്തുമ്പോൾ ഈടാക്കാവുന്ന കുറഞ്ഞ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18.5.2005-ലെ സി5-15253/04 ഉത്തരവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെക്ഷൻ 209(ഡി) പ്രകാരം പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി ഓരോ വർഷവും കുത്തകയ്ക്ക് നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടി തുടർ നടപടി കൈക്കൊണ്ട് പരസ്യ നികുതി ഈടാക്കേണ്ടതാണ്.

## 2-6 പെർമിറ്റ് ഫീ - ഈടാക്കിയ തുകയിൽ കുറവ്

2013-14 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീ സോമദാസ് .റ്റി.സി ,സൗപർണ്ണിക, പ്രക്കാനം പി.ഒ ,ഇലന്തൂർ എന്നയാൾക്ക് 488 ച.മീ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ ബിൽഡിംഗിന് പെർമിറ്റ് നൽകി(പെർമിറ്റ് നം.C3- 1891/13 തീ 25-10-2013 പ്രകാരം ).ആയതിന് പെർമിറ്റ് ഫീസായി ഈടാക്കിയത് 1464/- രൂപയാണ്(488 X 3 = 1464 ). (രസീത് നം. 11302101491 തീയതി 25 -10-2013). എന്നാൽ കൊമേഴ്സ്യൽ ബിൽഡിംഗിന് പെർമിറ്റ് ഫീസായി ഈടാക്കേണ്ടത് 1 ച.മീറ്ററിന് അഞ്ച് രൂപ എന്ന നിരക്കിൽ 2440/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്(488 x 5 =2440/- ).പെർമിറ്റ് ഫീ ഇനത്തിൽ കുറവ് വന്നത് 976/- രൂപയാണ്.

പ്രസ്തുത തുക തിരികെ ഈടാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(ഓഡിറ്റ് എൻക്വയറി നം- 15 തീ 25-04-2015). ആയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ഫീ ഇനത്തിൽ കുറവ് വന്ന 976/- രൂപ (രസീത് നം. 11502100231 തീ 29-04-2015 )ഗ്രാമപഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കി.

# ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എം.ജി.എൻ.ആർ.ഇ.ജി.എസ്- പ്രവൃത്തികൾക്ക് റേറ്റ് അധികമായി നൽകി

2013-14 സാമ്പത്തിക വർഷം 5 എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾക്ക് അധികനിരക്ക് അനുവദിച്ചു.തോടിനിരുവശവും വളർന്നു നിൽക്കുന്ന കാടു വെട്ടിമാറ്റുന്നതിന് നിർദ്ദിഷ്ട നിരക്കിനേക്കാൾ കൂടുതൽ തുക നൽകുക മുഖാന്തിരം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. .വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര്,എം ബുക്ക് നം | ഇനം | ചെയ്ത പ്രവൃത്തിയുടെ അളവ്,അനുവദിച്ച നിരക്കും തുകയും | ചെയ്ത പ്രവൃത്തിയുടെ അളവ്,അനുവദിക്കാവുന്ന നിരക്കും തുകയും | അധികം അനുവദിച്ച തുക | ചെലവ് വിവരം (ചെക്ക് നമ്പരും തീയതിയും) |
|---|---|---|---|---|---|---|
| 1 | വട്ടമലപ്പടി-ചെറുകാട് പടി റോഡ് പുനരുദ്ധാരണം<br><br>എം.ബുക്ക് നം.30/13-14(പേജ് 1 മുതൽ 4 വരെ ) | 1 | 8880 ച.മീ<br><br>360/100 ച.മീ<br><br>31968/- | 8880 ച.മീ<br><br>180/100 ച.മീ<br><br>15984/-- | 15984/- | 570753<br><br>19-11-13 |
| 2 | 12-ാം വാർഡിൽ അഴുക്ക് ചാൽ നിർമ്മാണവും പുനരുദ്ധാരണവും<br><br>എം.ബുക്ക് നം.55/13-14(പേജ് 1 മുതൽ 8 വരെ ) | 1 | 5336 ച.മീ<br><br>360/100 ച.മീ<br><br>19210/- | 5336ച.മീ<br><br>180/100 ച.മീ<br><br>9605/- | 9605/- | 573082<br><br>26-06-14 |
| 3 | അരുവിക്കുഴി നീർത്തട നിർമ്മാണം<br><br>എം.ബുക്ക് നം.91/13-14(പേജ് 1 മുതൽ 4 വരെ ) | 1 | 2000 ച.മീ<br><br>360/100 ച.മീ<br><br>7200/- | 2000ച.മീ<br><br>180/100 ച.മീ<br><br>3600/- | 3600/- | 691492<br><br>24-10-14 |
| 4 | ഐവേലിപ്പടി -അരുവിക്കുഴി തോട് പുനർനിർമ്മാണം<br><br>എം.ബുക്ക് നം.14/13-14(പേജ് 1 മുതൽ 6 വരെ ) | 1 | 5930 ച.മീ<br><br>360/100 ച.മീ<br><br>21349/- | 5930ച.മീ<br><br>180/100 ച.മീ<br><br>10674/- | 10675/- | 062135<br><br>28-03-14<br><br>062136 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 28-03-14 |
| 5 | ചക്കുതറ കോട്ടപ്പുറ തോട് പുനർ നിർമ്മാണം<br><br>എം.ബുക്ക് നം.25/13-14(പേജ് 1 മുതൽ 5 വരെ ) | 1 | 12620 ച.മീ<br><br>360/100 ച.മീ<br><br>45432/- | 12620ച.മീ<br><br>180/100 ച.മീ<br><br>22716/- | 22716/- | 570752<br><br>22-11-13 |

2013-14 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നിർവ്വഹണം നടത്തിയ മറ്റു പദ്ധതികളിൽ 100 ച.മീറ്ററിന് 180/- രൂപ എന്ന നിരക്കിലാണ് ടി പഞ്ചായത്ത് തന്നെ നൽകിയിട്ടുള്ളത്.ഈ സാഹചര്യത്തിൽ കൂടുതൽ നിരക്ക് നൽകിയത് മുഖാന്തിരം പഞ്ചായത്തിന് സംഭവിച്ച 62580/- രൂപയുടെ നഷ്ടം നിർവ്വഹണം നടത്തിയ MGNREGS ഓവർസീയർ,സാങ്കേതിക അനുമതിയും ചെക്ക് മെഷർമെന്റ് നടത്തിയ എൽ.എസ്.ജി.ഡി അസ്സി.എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ചെലവ് തുകയായ 62580/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ബിനാമി ഇടപാട്

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങളിലെ ചട്ടം **13(5)** പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പണികളുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃസമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും ,ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്.ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ എല്ലാ പ്രവൃത്തികളും ബിനാമി കരാറുകാർ മുഖാന്തിരമാണ് നടപ്പാക്കിയിട്ടുള്ളതെന്നാണ് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ വ്യക്തമാകുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി.

എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുള്ളത്. മാത്രവുമല്ല ഗുണഭോക്തൃസമിതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്രിമമായി ചമച്ചിട്ടുള്ളതാണെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണ്. ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സക്യൂട്ടീവ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല.

മിക്ക പ്രവൃത്തികളുടെയും കൺവീനർ കണക്കുകൾ ഹാജരാക്കിയിട്ടില്ല. കൺവീനർമാർ കണക്കുകൾ ഹാജരാക്കിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിലാകട്ടെ ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും വിശ്വസനീയവും സത്യസന്ധവുമല്ല. മാത്രവുമല്ല ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾ ഒന്നും തന്നെ കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലൂടെയല്ല നടത്തിയിരിക്കുന്നത്. കൺവീനർമാർ ആരുംതന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്. എന്നിരുന്നിട്ടും ഓഡിറ്റ് വർഷം പ്രവൃത്തി നിർവ്വഹിക്കുന്നതിനാവശ്യമായ പണം ഗുണഭോക്തൃസമിതിക്ക് കൈവന്നത് എപ്രകാരമാണെന്ന് വ്യക്തമല്ല.

മരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടവും, സംസ്ഥാന ആസൂത്രണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളും പ്രകാരം എൻജിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽതുകയോ, ഗുണഭോക്തൃസമിതിയ്ക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ, ഏതാണ് കുറവ് അതിന് മാത്രമാണ് അർഹത.എന്നാൽ ഈ വസ്തുത നിർവ്വഹണ ഉദ്യോഗസ്ഥന് അന്യമാണ്.

കൺവീനർ പ്രവൃത്തികൾ എല്ലാംതന്നെ കൺവീനർമാരെ മുൻനിർത്തി ബിനാമി കരാറുകാരാണ് നടത്തിയിട്ടുള്ളതെന്നാണ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്.നാലാം വാർഡിലെ നാല് പ്രവൃത്തികൾക്ക് അമയിൽ ഏജൻസീസ്, ചെട്ടിമുക്ക് എന്ന സ്ഥാപനത്തിന്റെ വ്യാജ ഇൻവോയ്സ് ഒരേ കൈയ്യക്ഷരത്തിൽ തയ്യാറാക്കി ചെലവ് രേഖയായി ഫയലിൽ ഉൾപ്പെടുത്തി.തന്റെ സ്ഥാപനത്തിന്റെ ടിൻ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ദുരുപയോഗം ചെയ്യതായി ഓഡിറ്റിന് സ്ഥാപന ഉടമ മൊഴി നൽകി. ടി പ്രവൃത്തികൾ നിർവ്വഹിച്ചത് ബിനാമി കോൺട്രാക്ടർമാർ ആണെന്ന് ഓഡിറ്റിന് വാക്കാൽ അസ്സിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. കൺവീനർ പ്രവൃത്തികളുടെ മറവിൽ കരാറുകാർ പ്രവൃത്തി നടത്തുകവഴി ഗണ്യമായ നഷ്ടമാണ് പൊതു ഖജനാവിന് ഉണ്ടാകുന്നത്. താരതമ്യേന കരാറുകാർക്ക് ലാഭകരമായ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ലക്ഷകണക്കിന് രൂപ ഗ്രാമപഞ്ചായത്തിന് നിശ്ചയമായും ലാഭിക്കാമായിരുന്നു. (വിശദ വിവരങ്ങൾ ഖണ്ഡിക 3-7 ൽ പ്രതിപാദിച്ചിട്ടുണ്ട്.)

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ രാജ് ഒഴിവാക്കുന്നതിനും, ജനപങ്കാളിത്തത്തോടെ സുതാര്യമായും, ഗുണനിലവാരം പുലർത്തിയും ചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഈ ഉദ്ദേശ്യങ്ങളെ പാടെ നിരാകരിക്കുന്ന തരത്തിലാണ് ഗ്രാമപഞ്ചായത്തിൽ ബിനാമി ഇടപാട് വ്യാപകമായിരിക്കുന്നത്. മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ ചട്ട ലംഘനങ്ങളും, ബിനാമി ഇടപാടുകളും ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനും വിലപ്പെട്ട പദ്ധതി പണം അപഹരിക്കപ്പെടാതിരിക്കുന്നതിനും ഭരണ വകുപ്പ് തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-3 ടാറിന്റെ ബാരൽ വില ഈടാക്കിയതിൽ കുറവ്-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2013-14 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ്എൻജിനീയർ,എൽ.എസ്.ജി.ഡി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടാർ നൽകിയതിന്റെ ബാരൽ വില പൂർണ്ണമായും ബില്ലിൽ നിന്നും കുറവ്

ചെയ്തിട്ടില്ലാത്തതായി കണ്ടെത്തി.2012 ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം വാറ്റ് സഹിതം ഒരു ശൂന്യ ബാരലിന് 238/- രൂപയാണ് കുറവ് ചെയ്യേണ്ടത്.എന്നാൽ 168/- രൂപയാണ് കുറവ് ചെയ്തിട്ടുള്ളത്.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോ നം/ എം ബുക്ക് നം | പ്രോജക്ടിന്റെ പേര് | ശൂന്യ ബാരലുകളുടെ എണ്ണം | കുറവ് ചെയ്യേണ്ട തുക | കുറവ് ചെയ്ത തുക | നഷ്ടമായ തുക |
|---|---|---|---|---|---|---|
| 1 | 88/1420/13-14 | എം.എം .ഹോസ്പിറ്റൽ-ചാലായിക്കര റോഡ് റീ ടാറിംഗ്ലൺവീ : തോമസ് മാത്യുചെയർ: എം.എം.തോമസ് | 22 | 5236 | 3696 | 1540 |
| 2 | 45/1413/13-14 | മാതിരപ്പള്ളി -അമ്പലംകുന്ന് റോഡ് റീ ടാറിംഗ്ലൺവീ : ശാന്താ ബിനോയ്ചെയർ: ചെറിയാൻ ജോർജ്ജ് | 32 | 7616 | 5376 | 2240 |
| 3 | 28/1417/13-14 | പൂച്ചേരി മുക്ക്-പെട്ടത്തകടവ് റോഡ് റീ ടാറിംഗ്ലൺവീ : ക്രിസ്റ്റഫർചെയർ: മാത്യു ഉമ്മൻ | 32 | 7616 | 5376 | 2240 |
| 4 | 31/14/ 27/13-14 | കവണേടത്ത് പടി - പി. ഐ. പി കനാൽ പടി റോഡ് റീ ടാറിംഗ്ലൺവീ : എം .വി വർഗ്ഗീസ്ചെയർ: ജിജോ | 6 | 1428 | 1008 | 420 |
| 5 | 44/1414/13-14 | ചിറ ചിറത്ത്-Y M C A മാർത്തോമ്മാ പള്ളി റോഡ് റീ ടാറിംഗ്ലൺവീ : തോമസ് മാത്യുചെയർ: എം.എം.തോമസ് | 6 | 1428 | 1008 | 420 |
| 6 | 93/1423/13-14 | പെരുമ്പാറ-കുന്നക്കോലിപ്പടി റോഡ് റീ ടാറിംഗ്ലൺവീ : മാത്യു.കെ .തോമസ്ചെയർ: വർഗ്ഗീസ് | 32 | 7616 | 5376 | 2240 |
| 7 | 92/1426/13-14 | യാക്കോബായ പള്ളി -കൊമ്പത്തി ക്കൊമ്പിൽ പ്പടി റോഡ് റീ ടാറിംഗ്ലൺവീ : എം .ജെ വർഗ്ഗീസ്ചെയർ: റജി ജേക്കബ് | 12 | 2856 | 2016 | 840 |

| | | | | | | |
|---|---|---|---|---|---|---|
| 8 | 95/1424/13-14 | ഇല്ലത്ത് പടി -സൊസൈറ്റി പ്പടി റോഡ് റീ ടാറിംഗ്ഗുൺവീ : സദാനന്ദൻചെയർ: തോമസ് ഫിലിപ്പ് | 25 | 5950 | 4200 | 1750 |
| 9 | 32/1430/13-14 | ചാമക്കൽ കോളനി റോഡ് റീ ടാറിംഗ്ഗുൺവീ : റ്റി.പി വർഗ്ഗീസ്ചെയർ: എം.എൻ ബാലൻ | 7 | 1666 | 1176 | 490 |
| 10 | 89/147/13-14 | പരുത്തി മുക്ക് - Y M C A റോഡ് റീ ടാറിംഗ്ഗുൺവീ : ജേക്കബ് എബ്രഹാംചെയർ: എം.കെ. തങ്കപ്പൻ | 37 | 8806 | 6216 | 2590 |
| 11 | 41/1415/13-14 | ചിറപ്പുറത്ത് M T L P S -കട്ടേപ്പുറം റോഡ് റീ ടാറിംഗ്ഗുൺവീ : നീലാംബരൻചെയർ: സി.കെ. രാജപ്പൻ | 6 | 1428 | 1008 | 420 |
| 12 | 43/144/13-14 | തോട്ടാത്ത് മടത്തിൽപ്പടി -കുളങ്ങാട്ടു പ്പടി റോഡ് റീ ടാറിംഗ്ഗുൺവീ : ബിനു എബ്രഹാംചെയർ: തോമസ് ജോസഫ് | 6 | 1428 | 1008 | 420 |
| 13 | 29/1418/13-14 | മാവേലിപ്പടി -കളത്തിപ്പടി റോഡ് റീ ടാറിംഗ്ഗുൺവീ : ജോൺസൺ എബ്രഹാംചെയർ: തോമസ് ജോർജ്ജ് | 14 | 3332 | 2352 | 980 |
| 14 | 94/1411/13-14 | മഴുക്കിറ്റേത്ത് പ്പടി-വെള്ളപ്പുരക്കടവ് റോഡ് റീ ടാറിംഗ്ഗുൺവീ : സുമൻ.എം.ജെചെയർ: പൊന്നമ്മ ഉണ്ണിക്കൃഷ്ണൻ | 15 | 3570 | 2520 | 1050 |
| 15 | 97/1412/13-14 | റാവൂർപ്പടി -നകംകുളത്ത് റോഡ് റീ ടാറിംഗ്ഗുൺവീ : ഗീതാ ജോയിചെയർ: വിജയകുമാർ | 12 | 2856 | 2016 | 840 |
| 16 | 91/1425/13-14 | മാലേത്ത് കടവ് റോഡ് റീ ടാറിംഗ്ഗുൺവീ : വിജയകുമാർചെയർ: ജെ.ചാണ്ടി | 12 | 2856 | 2016 | 840 |

| | | | | | | |
|---|---|---|---|---|---|---|
| 17 | 90/1421/13-14 | കൂനാം കുഴി- അരുവിക്കര റോഡ് റീ ടാറിംഗ്കണ്‍വീ : രവീന്ദ്രന്‍ നായര്‍ചെയര്‍: മനോജ് കുമാര്‍ | 32 | 7616 | 5376 | 2240 |
| ആകെ | | | | | | 21560/- |

മതിയായ തുക ബില്ലുകളില്‍ കുറവ് ചെയ്ത് ഗുണഭോക്തൃ സമിതികളില്‍ നിന്നും ഈടാക്കാതിരുന്നത് മുഖാന്തിരം പഞ്ചായത്ത് ഫണ്ടിന് സംഭവിച്ച 21560/- രൂപയുടെ നഷ്ടം ഉത്തരവാദിയായ നിര്‍വ്വഹണ ഉദ്യോഗസ്ഥനില്‍ നിന്നും ഈടാക്കാതിരിക്കാന്‍ എന്തെങ്കിലും കാരണമുണ്ടെങ്കില്‍ ആയത് അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എന്‍ക്വയറി നല്‍കിയിരുന്നു.(ഓഡിറ്റ് എന്‍ക്വയറി നം. 12 തീ 23-04-2015 ).ആയതിന്റെ അടിസ്ഥാനത്തില്‍ പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് ഫണ്ടില്‍ അടവാക്കി.(രസീത് നം 11502100226 തീയതി 28-04-2015, 11502100234 തീയതി 29-04-2015).ടി തുകയ്ക്ക് ആനുപാതികമായ വാറ്റ് തുക തനത് ഫണ്ടില്‍ നിന്നും പിന്‍വലിച്ച് വാണിജ്യ നികുതി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

## 3-4 ടാര്‍ വാങ്ങല്‍- സിഡ്കോയ്ക്ക് അധിക തുക നല്‍കി - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

_2013-14 സാമ്പത്തിക വര്‍ഷം വിവിധ പൊതുമരാമത്ത് പ്രവൃത്തികള്‍ക്കായി 21-12-2013 ലെ3 മുതല്‍ 20 വരെയുള്ള ട്രഷറി ബില്ലുകളിലൂടെ 2899762/- രൂപ പണമാക്കി പതിനെട്ട് ഡി.ഡി കള്‍ മുഖാന്തിരം മാനേജര്‍ ,സിഡ്കോ, തിരുവല്ല യ്ക്ക് നല്‍കി.വിശദ വിവരങ്ങള്‍ ചുവടെ ചേര്‍ക്കുന്നു.

| ക്രമ നമ്പര്‍ | പ്രോജക്ട് നം | ബില്‍ നമ്പര്‍ | തീയതി | തുക | ഡി.ഡി.നമ്പരും തീയതിയും |
|---|---|---|---|---|---|
| 1 | 88/14 | 3/2013 | 21/12/2013 | 195684/- | 699119 തീ 26-12-2013 |
| 2 | 45/14 | 4/2013 | 21/12/2013 | 286070/- | 699115തീ 26-12-2013 |
| 3 | 96/14 | 5/2013 | 21/12/2013 | 111391/- | 699116തീ 26-12-2013 |
| 4 | 28/14 | 6/2013 | 21/12/2013 | 286070/- | 699132തീ 26-12-2013 |
| 5 | 31/14 | 7/2013 | 21/12/2013 | 54810/- | 699120തീ 26-12-2013 |
| 6 | 44/14 | 8/2013 | 21/12/2013 | 55573/- | 699128തീ 26-12-2013 |
| 7 | 93/14 | 9/13 | 21/12/2013 | 287595/- | 699123തീ 26-12-2013 |
| 8 | 92/14 | 10/13 | 21/12/2013 | 111391/- | 699121തീ 26-12-2013 |
| 9 | 95/14 | 11/13 | 21/12/2013 | 227549/- | 699131തീ 26-12-2013 |
| 10 | 32/14 | 12/13 | 21/12/2013 | 62409/- | 699130തീ 26-12-2013 |

| | | | | | |
|---|---|---|---|---|---|
| 11 | 89/14 | 13/13 | 21/12/2013 | 334174/- | 699129തീ 26-12-2013 |
| 12 | 41/14 | 14/13 | 21/12/2013 | 55573/- | 699125തീ 26-12-2013 |
| 13 | 43/14 | 15/13 | 21/12/2013 | 55573/- | 699122തീ 26-12-2013 |
| 14 | 29/14 | 16/13 | 21/12/2013 | 123980/- | 699127തീ 26-12-2013 |
| 15 | 94/14 | 17/13 | 21/12/2013 | 139668/- | 699124തീ 26-12-2013 |
| 16 | 97/14 | 18/13 | 21/12/2013 | 111391/- | 699117തീ 26-12-2013 |
| 17 | 91/14 | 19/13 | 21/12/2013 | 111391/- | 699118തീ 26-12-2013 |
| 18 | 90/14 | 20/13 | 21/12/2013 | 289470/- | 6991തീ 26-12-2013 |
| ആകെ | | | | 2899762/- | ( ക്യാഷ് രസീത് നം.7/28-12-2013,മാനേജർ, സിഡ്കോ ,തിരുവല്ല) |

എന്നാൽ താഴെ പ്രതിപാദിക്കും പ്രകാരം 2897539/- രൂപയുടെ ടാർ മാത്രമാണ് (322 ബാരൽ @ 161.8 KG/ ബാരൽ)സിഡ്ക്കോ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുള്ളത്.

| ക്രമ നം. | ബിൽ നമ്പരും തീയതിയും | ലഭ്യമാക്കിയ ടാറിന്റെ അളവ് | ബിൽ തുക (കടത്തു കൂലി ഉൾപ്പെടെ) |
|---|---|---|---|
| 1 | 841/15-01-2014 | 49 ബാരൽ<br><br>(7928.20 Kg) | 444387/- |
| 2 | 425/31-12-2013 | 50ബാരൽ<br><br>(8090 Kg) | 448032/- |
| 3 | 783/07-01-2014 | 50 ബാരൽ<br><br>(8090 Kg) | 450559/- |
| 4 | 424/31-12-2013 | 23 ബാരൽ<br><br>(3721.4Kg) | 210465/- |
| 5 | 426/31-12-2013 | 50ബാരൽ<br><br>(8090 Kg) | 448032/- |
| 6 | 427/31-12-2013 | 50 ബാരൽ<br><br>(8090 Kg) | 448032/- |
| 7 | 418/31-12-2013 | 50 ബാരൽ | 448032/- |

| | | | |
|---|---|---|---|
| | | (8090 Kg) | |
| **ആകെ** | | **322 ബാരൽ**<br><br>**(52099.6 kg)** | **2897539/-** |

മേൽ വിവരിച്ച പ്രകാരം 2223/- രുപ (2899762- 2897539) സിഡ്കോയ്ക്ക് അധികം നൽകിയിട്ടുണ്ട്.പ്രസ്തുത തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 2223/- രുപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 അധിക ടാർ വില നൽകൽ- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ 96/14 -ാം നമ്പർ തേൻമുട്ട് ലക്ഷംവീട് കോളനി റോഡ് റീ ടാറിംഗ് എന്ന പദ്ധതി നിർവ്വഹണത്തിനായി അശോകൻ കൺവീനറും ഗോപകുമാർ ചെയർമാനുമായുള്ള ഗുണഭോക്തൃസമിതി രൂപീകരിക്കുകയും പ്രസ്തുത പ്രവൃത്തിക്കായി 2008.50 കി.ഗ്രാം ടാർ നൽകുകയും ചെയ്തു. ഒരു കിലോഗ്രാം ടാറിന്റെ മാർക്കറ്റ് വില 55.61 രുപയാണ്.പ്രസ്തുത ഇനത്തിൽ കൺവീനർ 111693/- രൂപ മൂല്യമുള്ള ടാർ കൈപ്പറ്റി (55.6* 2008.50 ).എം ബുക്ക് നം.19/13-14 പ്രകാരം 75475/- രൂപയുടെ പ്രവൃത്തി മാത്രമാണ് ഗുണഭോക്തൃസമിതി നിർവ്വഹിച്ചിട്ടുള്ളത്.(എം ബുക്ക് പേജ് നമ്പർ 1 മുതൽ 19 വരെ).നിർമ്മാണ തൊഴിലാളി ക്ഷേമവിഹിതം ഒഴിച്ച് കൺവീനർക്ക് അർഹതപ്പെട്ടത് 73730/- രൂപയാണ്.താഴെ പ്രതിപാദിക്കും പ്രകാരം അധിക തുക കൺവീനറിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതാണ്.

ആകെ കൈപ്പറ്റിയ ടാർ മൂല്യം : 111692/-

12 ശൂന്യ ബാരലിന്റെ വില (SOR പ്രകാരം നികുതിയടക്കം ; <u>2856</u>

12*238)

ആകെ 114548/-

കൺവീനർക്ക് അർഹതപ്പെട്ട തുക ; 73730/-

കൺവീനർ തിരികെ ഒടുക്കേണ്ട തുക ; **40818 .75/-**

ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും 40819/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(ഓഡിറ്റ് എൻക്വയറി നം 14 തീ 25-04-2015 ).

ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക രസീത് നം 11502100206 തീ 27-04-2015 പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

## 3-6 എസ്.എസ്.എ -ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്കായി(പ്രോജക്ട് നം.S0001/14 )ഗ്രാമപഞ്ചായത്ത് 2013-14 സാമ്പത്തിക വർഷം 345000/- രൂപ ചെലവഴിച്ചു. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്നു പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പരും തീയതിയും | നൽകിയ തുക | ഡി.ഡി നമ്പരും തീയതിയും |
|---|---|---|
| 21/13-14 തീ 30-10-2013 | 100000/- | 698530 തീ 30-10-2013 |
| 43/13-14 തീ 24-03-2014 | 245000/- | 279453 തീ 24-03-2014 |

പദ്ധതി നടത്തിപ്പിനായി ജില്ലാ പ്രോജക്ട് ഓഫീസർ(എസ്.എസ്.എ),തിരുവല്ല പേർക്കാണ് പ്രസ്തുത തുക നൽകിയത്.എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമല്ല.ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.(ഓഡിറ്റ് എൻക്വയറി നം 13 തീ 23-04-2015). 345000/- രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നു.എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റിൽ 14-06-2013 എന്നാണ് രേഖപ്പെടുത്തിയിരുന്നത്. പദ്ധതി തുക നൽകുന്നതിന് മുമ്പ് തന്നെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചു എന്നാണ് ഇതിൽ നിന്നും ബോധ്യപ്പെടുന്നത്.പ്രസ്തുത അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 345000/- രൂപ ഓഡിറ്റിൽ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് പൂർണ്ണമായ വിശദാംശങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.എസ്.എസ്.എ പദ്ധതി ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ സ്ക്കൂളുകളിലെ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഭരണസമിടിയുടെയും ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്തുനിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകണം.

## 3-7 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ നാല് പ്രവൃത്തികളുടെ ഫയലിൽ വ്യാജ ബില്ല്.

2013-14 സാമ്പത്തിക വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി ചുവടെ പ്രതിപാദിക്കുന്ന ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ സിമിന്റ് ബിൽ വ്യാജമായി ചമച്ച് ചേർത്തിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് വിവരം,എം ബുക്ക് നം | കൺവീനർ/ ചെയർമാന്റെ പേര് | വ്യാജ സിമിന്റ് ബിൽ (ഫയൽ പേജ് നം) | സിമിന്റ് വാങ്ങിയ വ്യക്തി |
|---|---|---|---|---|---|
| 27/14 | കോളപ്ര റോഡ് കോൺക്രീറ്റിംഗ് (13 -ാം വാർഡ്) | 35000/- (ഡി.ഡി.നം-699301 തീ 08-01-2014 )എം ബുക്ക് നം-2/13-14 | കൺ; ജസ്സി മാത്യുചെയർ; കെ.സഹദേവൻ നായർ | 23 | ജസ്സി മാത്യു |
| 82/14 | മേലൂരേത്ത് കാമ്പൂത്ര പ്പടി റോഡ് കോൺക്രീറ്റിംഗ് (13 -ാം വാർഡ്) | 67000/- (ഡി.ഡി.നം-699298 തീ 08-01-2014 )എം ബുക്ക് നം-3/13-14 | കൺ; സുമ മുരളി ചെയർ; രാമകൃഷ്ണ പിള്ള | 11 | സുമ മുരളി |
| 98/14 | നഗരൂർ കിഴക്കേതിൽ-കുളത്തൂർ മലയിൽ റോഡ് കോൺക്രീറ്റിംഗ് ( | 200000/- (ഡി.ഡി.നം-679916 തീ 30-01-2014 )എം ബുക്ക് നം-5/13-14 | കൺ; ജേക്കബ് വർഗ്ഗീസ്ചെയർ; പി.എ.പുരുഷോത്തമൻ | 6 | ജേക്കബ് വർഗ്ഗീസ് |
| 83/14 | പനന്തോട്ടത്തിൽ പ്പടിറോഡ് കോൺക്രീറ്റിംഗ് | 900000/- (ഡി.ഡി.നം-699713 തീ 30-01-2014 )എം ബുക്ക് നം-6/13-14 | കൺ; ജയിംസ് സാമുവേൽചെയർ; പി.ജി. വർഗ്ഗീസ് | 27 | ജയിംസ് സാമുവേൽ |

മുകളിൽ ചൂണ്ടിക്കാട്ടിയ നാല് പ്രവൃത്തികളിലും അമയിൽ ഏജൻസീസ് ,ചെട്ടിമുക്ക് ,മാരാമൺ എന്ന സ്ഥാപനത്തിൽ നിന്നും സിമിന്റ് വാങ്ങിയതായിട്ടുള്ള ഇൻവോയ്സ് കൃത്രിമമായി ചമച്ചിരിക്കുന്നത്.പ്രസ്തുത സ്ഥാപനത്തിന്റെ ടിൻ നം.,പേര്,മൊബൈൽ നം എന്നിവ ഉൾപ്പെടുത്തിയാണ് വ്യാജമായി ഇൻവോയ്സ് തയ്യാറാക്കിയിരിക്കുന്നത്.ടി സ്ഥാപനത്തിൽ ഓഡിറ്റ് നേരിട്ട് നടത്തിയ അന്വേഷണത്തിൽ പരാമർശിച്ചിട്ടുള്ള ബില്ലുകൾ തന്റെ സ്ഥാപനത്തിന്റേതല്ലെന്നും തന്റെ കടയുടെ വിവരങ്ങൾ ഉപയോഗിച്ച് വ്യാജമായി

സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണെന്നും സ്ഥാപനത്തിന്റെ ഉടമയായ ശ്രീ ബേബി മൊഴി നൽകി.കൂടാതെ ടിയാന്റെ കടയിൽ നിന്നും നൽകുന്ന യഥാർത്ഥ ബില്ലിന്റെ പകർപ്പും ഓഡിറ്റിന് സാക്ഷ്യപ്പെടുത്തി നൽകി.

മേൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു.

## 3-8 ഭവന നിർമാണം (എസ്.സി.പി) -പൂർത്തീകരിക്കാത്ത വീടുകൾക്കു വേണ്ടി ധനസഹായം നൽകി

| | |
|---|---|
| പ്രൊജക്ട് നം: | 108/14 |
| വികസന ഫണ്ട് | 750000/- |
| തനത് ഫണ്ട് | 50000/- |
| അടങ്കൽ - | 800000/- |

വില്ലേജ് എക്സ്റ്റൻ ഓഫീസർ മുഖേന നിർവഹണം നടത്തിയ പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം എന്ന പദ്ധതിയിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത രണ്ട് ഗുണഭോക്താക്കൾക്ക് 20000/- രൂപ വീതം അവസാനഗഡുവായി ധനസഹായം നൽകി.

2013-14 വർഷം 4 ഗുണഭോക്താക്കളാണ് പദ്ധതിപ്രകാരം കരാറിലേർപ്പെട്ടത്. ഇവർക്ക് 200000/- രൂപ വീതം 4 ഗഡുക്കളായി നൽകുന്നതിനാണ് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ളത്. തൻവർഷം 140000/- രൂപയും അടുത്ത സാമ്പത്തിക വർഷം 60000/- രൂപ വീതവുമാണ് നൽകിയിട്ടുള്ളത്. എന്നാൽ 2 ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഇവരുടെ വി

ശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം: | പേരും മേൽവിലാസവും | 1--ാം ഗ ഡു | 2-ഗഡു | 3-ാം ഗഡു | 4-ാം ഗഡു | ഭവന നിർമ്മാണം സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | രജികുമാരി<br>പാമ്പുരുമ്പാറ | 60000/- | 80000 | 30000/-<br>DD: 126035 | 20000/- | ചുമർപ്പണി പൂർത്തിയായി |

| | | | | | | |
|---|---|---|---|---|---|---|
| | കുറിയന്നൂർ | DD NO:278076/18-2-14 | DD NO:278944/18-3-14 | | DD NO:126063 dtd 18-03-2015 | |
| 2 | അശോകൻ<br>വലിയപറമ്പിൽ, ചിറയിറൻമ്പ് | 60000/-<br>DD NO:278077/-/18-2-14 | 80000<br>DD NO:278945/18-3-14 | 40000<br>DD NO:854475/26-12-14 | 20000/-<br>DD NO: 854473 dtd 27-03-2015 | മേൽക്കൂര പൂർത്തിയായി |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് മുൻകൂറായി തുക പിൽവലിച്ച് വിതരണം ചെയ്യിട്ടുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.ടി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.ഓഡിറ്റ് എൻകചയറി നം-17 / 28-04-2015 നു മറുപയിയായി വി.ഇ.ഒ അറിയിച്ച തീയതി മുതൽ ആറുമാസത്തിനകം നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതും മേൽനടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യുന്നതുമാണ്.

## 3-9 പാലിയേറ്റീവ് പരിചരണപദ്ധതി - പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല

സമൂഹത്തിലെ ദീർഘകാലചികിത്സ ആവശ്യമുള്ളവരും ശയ്യാവലംബരായവരും പ്രായാധിക്യത്താൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരും ആയ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആരോഗ്യവകുപ്പിന്റേയും തദ്ദേശഭരണസ്ഥാപനങ്ങളുടേയും സന്നദ്ധസംഘടനകളുടേയും കൂട്ടായപ്രവർത്തനത്താൽ ആരംഭിച്ച പദ്ധതിയാണ് പാലിയേറ്റീവ് പരിചരണപദ്ധതി.ഈ പദ്ധതി നടപ്പാക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറകൂർ 24/7/09ലെ പി.എച്ച് 6/68463, 28/09/10 ലെ പി.എച്ച് 5/67823/10 ഡി.എച്ച്.എസ് എന്നീ സർക്കുലറുകൾ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്

പ്രസ്തുതമാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഹോംകെയർ ടീം രൂപീകരിച്ച് പരിശീലനം നൽകിയശേഷം പാലിയേറ്റീവ് പരിചരണപദ്ധതി നടത്തിപ്പിന് പ്രസിഡന്റ്, ആരോഗ്യ,ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാന്മാർ സെക്രട്ടറി, ആരോഗ്യമേഖലയിലെ പ്രവർത്തകർ എന്നിവരുൾപ്പെടെ 15അംഗങ്ങൾ അടങ്ങിയ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിരൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റി 3മാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഈ പ്രൊജക്റ്റിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ യഥാസമയം

തീരുമാനമെടുക്കേണ്ടതുമാണ്.ഹോംകെയർടീമിന് ആവശ്യമായി വരുന്ന ഭക്ഷണം, ഫോൺ എന്നീ ചെലവുകൾ പ്രൊജക്ടിൽ വകയിരുത്താവുന്നതും എന്നാൽ PMC യുടെ തീരുമാനപ്രകാരം മാത്രം ചെലവഴിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല. വർഷത്തിൽ 2പ്രാവശ്യം മാത്രമാണ് കമ്മിറ്റി യോഗം ചേരുന്നത്. മാത്രവുമല്ലപദ്ധതി സംബന്ധിച്ച ചെലവുകൾ PMC അംഗീകരിക്കുന്നില്ല.

മുൻ വർഷങ്ങളിൽ കമ്മിറ്റി യോഗം ചേർന്നതിന്റേയും തുക ചെലവഴിച്ചതിന്റേയം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | വർഷം | PMCകൂടിയ തീയതി | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 2011-12 | 21-10-2011 | 30 | 80000/- |
| 2 | 2012-13 | 27-06-201215-08-2012 | 118 | 165300/- |
| 3 | 2013-14 | 8-3-137-8-13 | 118 | 175000/- |
| 4 | 2014-15 | 15-05-201416-12-2014 | 610 | 41000/- |

ഹോംകെയർ സംവിധാനവും അനുബന്ധപ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് PMC ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇതിനായി മനുഷ്യസ്നേഹികൾ,സന്നദ്ധസംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽനിന്നും പ്രാദേശികമായി വിഹിതം സമാഹരിക്കുന്നതിനുള്ള ഊർജിത ശ്രമങ്ങൾ നടത്താവുന്നതാണ്.രജിസ്റ്റർ ചെയ്ത രോഗികൾക്ക് തുടർച്ചയായ പരിചരണം ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് PMC യുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തിൽ വച്ച് മാസം തോറും അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്.ഓരോ യോഗത്തിലും കഴിഞ്ഞമാസത്തെ പ്രവർത്തനങ്ങളും വരവുചെലവുകണക്കുകളും PMC യുടെ മെമ്പർ സെക്രട്ടറി അവതരിപ്പിക്കേണ്ടതും അവ ചർച്ച ചെയ്ത് പോരായ്മകൾ പരിഹരിച്ച് ഭാവിപ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 3-10 അംഗൻവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നില്ല.

വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളാണ് സാമൂഹികക്ഷേമവകുപ്പിന്റ് കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ.അംഗൻവാടികൾക്ക് സ്ഥലം,കെട്ടിടം, കുടിവെള്ളം , ഫർണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രത്യേകം പ്രാധാന്യം

നൽകേണ്ടതാണ് എന്ന് 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിക്കുന്നു.അംഗൻവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുക,അംഗൻവാടികളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്(22-3-11ലെ സർക്കുലർ നം:31055/ ഡി.സി2/2011/ത.സ്വ. ഭ.വ)

ഗ്രാമപഞ്ചായത്ത് പരിധിയിൽ 17അംഗൻവാടികൾ പ്രവർത്തിക്കുന്നവയിൽ 5 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ഇവയ്ക്ക് അറ്റകുറ്റപ്പണികൾ ആവശ്യവുമാണ്. ഇവയുടെ മെയിന്റനൻസിന് പദ്ധതി ആവിഷ്കരിക്കുന്നുണ്ടെങ്കിലും അവ നടപ്പാക്കുന്നില്ല. കുടിവെള്ളം വൈദ്യുതി ടോയ് ലറ്റ് സൗകര്യങ്ങൾ എന്നിവയുടെ അഭാവവുമുണ്ട്.82-ാം അംഗൻവാടിയ്ക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും കെട്ടിടനിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിനാൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.8 കെട്ടിടങ്ങൾ വാടകയ്ക്കും 4എണ്ണം ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. ഇവയ്ക്കും അടിസ്ഥാനസൗകര്യങ്ങൾ പരിമിതമാണ്.

കെട്ടിടങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ആവശ്യമായ തുക വാർഷികപദ്ധതിയുടെ ഭാഗമായി കണ്ടെത്തേണ്ടതാണ്. ഇതിനായി വിവിധ ഫണ്ടുകൾ അവയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ചെലവഴിക്കാവുന്നതാണ്. ഓരോ വർഷവും മെയ് 10 നകം തദ്ദേശഭരണസ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടകക്കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

## 3-11 കന്നുകുട്ടിപരിപാലനപദ്ധതി- നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം | 74/14 |
| വികസനഫണ്ട്) | 200000 |
| സംസ്ഥാനവിഹിതം | 200000 |
| ഗു: വിഹിതം | 400000 |
| അടങ്കൽ | 800000 |

2013-14 വർഷം ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയ്ക്കായി 200000/-രൂപ വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്( 1/13-14/11-12-13)

32ഗുണഭോക്താക്കൾക്കായി 6250/-രൂപ വീതം പഞ്ചായത്തുവിഹിതമായി 200000/-രൂപ മൃഗസംരക്ഷണവകുപ്പ് ഡെപ്യൂട്ടിഡയറക്ടർക്ക് നൽകിയിട്ടുണ്ടെങ്കിലും (ഡി.ഡി നം:698971/11-12-13) തൻവർഷം അർഹരായ 32 ഗുണഭോക്താക്കൾ ഇല്ല എന്ന കാരണത്താൽ കരാറിലേർപ്പെട്ട 24 പേർക്ക് മാത്രമേ കാലിത്തീറ്റ വിതരണം ചെയ്തിട്ടുള്ളൂ. അവശേഷിച്ച 8 പേരെ 2014-15 ഗുണഭോക്തൃലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയിട്ടുണ്ട്.

2013-14 ൽ കരാറിലേർപ്പെട്ട സുശീല ,ചുപ്പനപതിൽ,ചിറയിറമ്പ് എന്ന വ്യക്തി ഒരു തവണ മാത്രമേ കാലിത്തീറ്റ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളൂ.തുടർന്ന് നിർവ്വഹണോദ്യോഗസ്ഥൻ നടത്തിയ അന്വേഷണത്തിൽ ടി വ്യക്തി കന്നുകുട്ടിയെ വിറ്റതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിൽ അവശേഷിക്കുന്ന സബ്സിഡി തുകയായ 586/- രൂപ തിരികെ ഈടാക്കുകയോ അടുത്ത വർഷത്തെ പദ്ധതിവിഹിതത്തിൽ ക്രമീകരിക്കുകയോ ചെയ്ത് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 3-12 ആശ്രയ പദ്ധതിപ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള അഗതികുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും,അവർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും അവരെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 2004-05 ൽ 7692685/-രൂപ വകയിരുത്തി ആരംഭിച്ച പദ്ധതിയാണ് ആശ്രയപദ്ധതി.70 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ലിസ്റ്റ് 2010-11 ൽ പുനക്രമികരിച്ചതനുസരിച്ച് 11 അംഗങ്ങളെ ഒഴിവാക്കി പദ്ധതി തുടർന്നെങ്കിലും നാളിതുവരെ ലക്ഷ്യം കൈവരിച്ചില്ല.

2008-09, 2010-11, 2011-12 കാലയളവിലായി 680000/- രൂപ വികസനഫണ്ടും 998385/-രൂപ ചലഞ്ചുഫണ്ടും പദ്ധതിയ്ക്കായി ലഭിച്ചിട്ടുണ്ടെങ്കിലും ഭക്ഷണം , ചികിത്സ , വീട്മെയിന്റനൻസ് എന്നിവയ്ക്ക് 558782/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.വീട്, വസ്ത്രം, കുടിവെള്ളം, കക്കൂസ് തുടങ്ങിയ അവശ്യസൗകര്യങ്ങൾ നിറവേറ്റാൻ പോലും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.2013-14 ൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് അംഗീകാരം ലഭിയ്ക്കുകയും( സാധാ ഉ നം2891/2013/ത.സ്വ.ഭ തീ:26/11/13) പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 2014-15 ൽ ലഭിച്ച 200000/- രൂപ വികസനഫണ്ടും 500000/- രൂപ ചലഞ്ചുഫണ്ടും പലിശയും ഉൾപ്പെടെ 2070481/- രൂപ ആശ്രയപദ്ധതിയുടെ അക്കൗണ്ടിൽ(ഇന്ത്യൻ ഓവർസീസ് ബാങ്ക്, മാരാമൺ A/Cനം 017101000011144)അവശേഷിക്കുന്നു.

രണ്ടാം ഘട്ടം തുടങ്ങിയ സാഹചര്യത്തിലും ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല എന്നത് പദ്ധതിയോടുള്ള ഗ്രാമപഞ്ചായത്തിന്റെ അവഗണന വ്യക്തമാക്കുന്നു.ഗ്രാമപഞ്ചായത്തു ഭരണസമിതിയുടേയും

സി.ഡി.എസ് ന്റേയും നേതൃത്വത്തിൽ ആശ്രയപദ്ധതിയുടെ മോണിറ്ററിംഗ് ശക്തമാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 പള്ളിയോടങ്ങൾക്ക് ധനസഹായം- അനുവദനീയമല്ലാത്ത പദ്ധതി

2013-14 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പള്ളിയോടങ്ങൾക്ക് ധനസഹായം (പ്രോജക്ട് നം- SOO 71/14) എന്ന പദ്ധതി നടപ്പിലാക്കി.25000/- രൂപയാണ് പദ്ധതി ചെലവ്. 6250/- രൂപ വീതം നാല് പള്ളിയോടങ്ങൾക്ക് വിതരണം ചെയ്തു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പള്ളിയോട സമിതിയുടെ പേര് | നൽകിയ തുക | ഡി.ഡി.നമ്പരും തീയതിയും |
|---|---|---|---|
| 1 | എൻ.എസ്.എസ് കരയോഗം നം-748,കുറിയന്നൂർ | 6250/- | 698533 തീ 30-10-2013 |
| 2 | എൻ.എസ്.എസ് കരയോഗം നം-374,മാരാമൺ | 6250/- | 698532 തീ 30-10-2013 |
| 3 | പള്ളിയോടസേവാ സമിതി, തോട്ടപ്പുഴശ്ശേരി | 6250/- | 698531 തീ 30-10-2013 |
| 4 | പള്ളിയോടസേവാ സമിതി, നെടുമ്പ്രയാർ | 6250/- | 698534 തീ 30-10-2013 |

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് വികസനഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയത്.പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നല്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട വിഷയമല്ല.പദ്ധതി ആസൂത്രണ മാർഗ്ഗരേഖ,സബ്സിഡി മാർഗ്ഗരേഖ എന്നിവയ്ക്ക് വിരുദ്ധമായാണ് പദ്ധതി നടപ്പിലാക്കിയത്.പ്രസ്തുത സാഹചര്യത്തിൽ ചെലവ് തുകയായ 25000/- രൂപ ഓഡിറ്റിൽതടസ്സപ്പെടുത്തുന്നു.സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-14 വെള്ളക്കരം-പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു.

2013-14 സാമ്പത്തിക വർഷം 233 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 67598/- രൂപ വീതമാണ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാസം തോറും ഒടുക്കുവരുത്തിയിരുന്നത്.വെള്ളക്കരം വർദ്ധിപ്പിച്ചതിനെ തുടർന്ന് 2014 ഒക്ടോബർ മാസം മുതൽ 101938/- രൂപ വീതമാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തത്.എന്നാൽ ജോയിന്റ് വേരിഫിക്കേഷൻ നടത്തിയതിലെ പ്രശ്നങ്ങൾ ,അധികമായി വെള്ളക്കരം അടച്ചു

എന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം എന്നിവയെ തുടർന്ന് ഏപ്രിൽ 2014 നു ശേഷം ഗ്രാമപഞ്ചായത്തിൽ നിന്നും വെള്ളക്കരം അടച്ചിട്ടില്ല.2014 നവംബർ മാസം ഗ്രാമപ്പഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് സംയുക്ത പരിശോധന നടത്തിയിരുന്നു.പ്രസ്തുത പരിശോധനയ്ക്കു ശേഷവും 233 ടാപ്പുകളുടെ വെള്ളക്കരമാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത് വരുന്നത്. എന്നാൽ 150 ടാപ്പുകൾ മാത്രമാണ് പ്രവർത്തിക്കുന്നതെന്നാണ് ഗ്രാമപ്പഞ്ചായത്തിന്റെ പക്ഷം.ഇത് ചൂണ്ടിക്കാട്ടി 22/12/2014 ലെ C2- 2507/ 14-ാം നമ്പർ കത്ത് പ്രകാരം തിരുവല്ല വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിരുന്നു.എന്നാൽ ഇത് സംബന്ധമായി വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും യാതൊരു തുടർ നടപടികളും ഉണ്ടായിട്ടില്ല.സംയുക്ത പരിശോധനയിലെ ടി അഭിപ്രായ വ്യത്യാസം ഇപ്പോഴും പരിഹരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിലെ പൊതുടാപ്പുകളുടെ കുടിശ്ശിക സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായുള്ള അദാലത്തിനു ശേഷം പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02-03-2009 ലെ G3-3051/09 നമ്പർ ഉത്തരവ് പ്രകാരം ആയതിന് ശ്ശേരി ഗ്രാമപഞ്ചായത്തിലെ 232 ടാപ്പുകൾക്ക് 12/2008 വരെയുള്ള കുടിശ്ശിക 432288/-രൂപ ആയി നിശ്ചയിച്ചിരുന്നു.അതിന് ശേഷം 2008-09 ലെ ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റിൽ നിന്നും 427003/- രൂപ സോഴ്സ് ഡിഡക്ഷൻ നടത്തുകയും മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഫണ്ടിൽ നിന്നും പ്രോജക്ട് വച്ച് ഒടുക്കിയ 91700/- രൂപയും അടക്കം ആകെ 518703/- രൂപ ഗ്രാമപഞ്ചായത്ത് അടച്ചിരുന്നു. പ്രസ്തുത കണക്ക് പ്രകാരം 86415/- രൂപ ഗ്രാമപഞ്ചായത്ത് അധികമായി ഒടുക്കുവരുത്തിയിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ അനുസരിച്ച് ഇപ്രകാരം 86415/- രൂപ അധികമായി വാട്ടർഅതോറിറ്റിയിൽ നിൽക്കുമ്പോൾ 06/2009 ലെ ബിൽ പ്രകാരം 332717/- രൂപയാണ് അടയ്ക്കുവാനുള്ളത്.ഇതിൽ നിന്നും അധികമായി ഒടുക്കിയ 86415/- രൂപയും ഫൈൻ 5198/- രൂപയും തട്ടിക്കിഴിച്ച് ബാക്കിയുള്ള 241104/-രൂപ (ഡി.ഡി നമ്പർ 323956 തീ 08-07-2009 ) പ്രകാരം അടവാക്കി.ഇപ്രകാരം ഗ്രാമപഞ്ചായത്ത് പൂർണ്ണമായും തുക അടവാക്കി.07/2009 ലെ ബില്ലിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് (06/2009 വരെയുള്ള കുടിശ്ശിക) | 332716/- |
| ഫൈൻ (2%) | 6654/- |
| 07/2009 ലെ ഡിമാന്റ് തുക(232 ടാപ്പുകൾ) | 67667/- |
| **ആകെ** | **407038/-** |
| 07/2009 ൽ ഗ്രാമപഞ്ചായത്ത് അടവാക്കിയ തുക | 241104/- |
| **നീക്കിബാക്കി** | **165934/-** |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വാട്ടർഅതോറിറ്റി 08/2009 ലെ ബില്ലിൽ മുന്നിരിപ്പ് ആയി നിശ്ചയിച്ചത് 165934/- രൂപയാണ്.എന്നാൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം 67667/-രൂപ നൽകേണ്ടതായിരുന്നു. ഇപ്രകാരം 08/2009 ൽ ഗ്രാമപഞ്ചായത്തിന്റെയും വാട്ടർഅതോറിറ്റിയുടെയും കണക്കുകൾ തമ്മിലുള്ള വ്യത്യാസം 98267/- രൂപയാണ്.(ഗ്രാമപഞ്ചായത്ത് അധികമായി ഒടുക്കിയ 86415/- രൂപ ,ഫൈൻ ഇനത്തിലുള്ള 11852/- രൂപ (6654/-+ 5198/- ) ഉൾപ്പെടെ 98267/-രൂപ ). പ്രസ്തുത വ്യത്യാസം ക്രമീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല.ഇത് മൂലം മുൻബാക്കിക്ക് 2% എന്ന നിരക്കിൽ ഫൈൻ വാട്ടർഅതോറിറ്റി ഡിമാന്റ് ചെയ്ത് പോരുന്നു.ഇപ്രകാരം മാർച്ച് 2015 ലെ ബില്ലിൽ 1334451/- രൂപയാണ് ഫൈൻ ഇനത്തിൽ വാട്ടർഅതോറിറ്റി ഡിമാന്റ് ചെയ്തത്.

2011 നവംബറിൽ ഗ്രാമപഞ്ചായത്തും വാട്ടർഅതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയെങ്കിലും വാട്ടർ ടാപ്പുകളുടെ എണ്ണത്തിൽ യാതൊരു വ്യത്യാസവും ഉണ്ടായില്ല.!ഒക്ടോബർ 2009 മുതൽ 233 വാട്ടർ ടാപ്പുകളുടെ കരമാണ് വാട്ടർഅതോറിറ്റി ഡിമാന്റ് ചെയ്തത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചീഫ് എൻജിനീയർ, കേരള വാട്ടർഅതോറിറ്റിയ്ക്ക് അയച്ച കത്തിൽ (04-02-2015 ലെ C2-2507/14 ാം നമ്പർ കത്ത് )08-07-2009 കൊണ്ട് ഗ്രാമപഞ്ചായത്ത് കുടിശ്ശിക പൂർണ്ണമായും അടച്ചുതീർത്തെന്നും 2009-10 മുതൽ 2013-14 വരെ 233 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 3872733/- രൂപ വരേണ്ടപ്പോൾ പ്രസ്തുത കാലയളവിൽ ഗ്രാമപഞ്ചായത്ത് 3848481/- രൂപ നേരിട്ട് അടയ്ക്കുകയും 1838101/- രൂപ സോഴ്സിൽ നിന്ന് ഡിഡക്റ്റ് ചെയ്തതുമടക്കം ആകെ 5686582/- രൂപ അടച്ചിട്ടുണ്ട്.ഇപ്രകാരം 1813849/- രൂപ അധികം അടച്ചിട്ടും 2014 മാർച്ചിൽ 1642682/- രൂപയുടെ കുടിശ്ശിക ബില്ലാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചതെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പ്രസ്തുത കത്തിന് മറുപടിയായി അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർഅതോറിറ്റി ഗ്രാമപഞ്ചായത്തിന് അയച്ച കത്തിൽ (09-03-2015ലെ KWA/RMC/R2/09/2015 നമ്പർ കത്ത് )ഏപ്രിൽ 2009 മുതൽ മാർച്ച് 2015 വരെയുള്ള ബില്ലുകളുടെയും ഗ്രാമപഞ്ചായത്ത് അടവാക്കിയ തുകയുടെയും വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.ഇത് പ്രകാരം മാർച്ച് 2015 ൽ അടയ്ക്കുവാനുള്ള തുക 2061939/- രൂപയാണ്.ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 08/2009 ലെ മുന്നിരിപ്പ് | 165934/- |
| 08/2009 മുതൽ 09/2009 വരെയുള്ള ഡിമാന്റ് (67667 * 2) | 135334/- |
| 10/2009 മുതൽ 09/2014 വരെയുള്ള ഡിമാന്റ്(67958 * 60 ) | 4077480/- |
| 10/2014 മുതൽ 03/2015 വരെയുള്ള ഡിമാന്റ് തുക(101938 * 6) | 611628/- |
| **ആകെ** | **4990376/-** |
| ഫൈൻ തുക | 1334451/- |

| | |
|---|---|
| **ആകെ ഡിമാന്റ് തുക** | **6324827/-** |
| ഗ്രാമപഞ്ചായത്ത് അടവാക്കിയ തുക | 4262888/- |
| **അടയ്ക്കുവാൻ ബാക്കിയുള്ള തുക (മാർച്ച് 2015 വരെ)** | **2061939/-** |

ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | പഞ്ചായത്ത് നേരിട്ട് അടച്ചത് | | സോഴ്സ് ഡിഡക്ഷൻ | | | ആകെ |
|---|---|---|---|---|---|---|---|
| | | തനത് ഫണ്ട് | പ്രോജക്ട് ഫണ്ട് | മെയിന്റനൻസ് ഫണ്ട് | വികസനഫണ്ട് | ജനറൽ പർപ്പസ് | |
| 1 | 2009/10 | 474833/- | 100600/- | 142517/- | | 158236/- | 876186/- |
| 2 | 2010/11 | 67958/- | 160000/- | 231683/- | 42783/- | 258749/- | 761173/- |
| 3 | 2011/12 | 271832/- | 698608/- | 157000/- | 378500/- | 158240 | 1664180/- |
| 4 | 2012/13 | 611622/- | | 8143/- | | | 619765/- |
| 5 | 2013/14 | 612206/- | 850822/- | | | 302250/- | 1765278/- |
| **ആകെ** | | **2038451/-** | **1810030/-** | **539343/-** | **421283/-** | **877475/-** | **5686582/-** |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 2008-09 മുതൽ 2014-15 സാമ്പത്തിക വർഷം വരെ വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് അടവാക്കിയ തുക 4262888/- രൂപയാണ്.എന്നാൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം പ്രസ്തുത കാലയളവിൽ അടവാക്കിയ തുക 5686582/- രൂപയാണ്.അടവാക്കിയ തുകയിലുള്ള വ്യത്യാസം 1423694/- രൂപയാണ്.ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2008-09 മുതൽ 2014-15 സാമ്പത്തിക വർഷം വരെ ഫൈൻ ഇനത്തിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത തുക 1334451/- രൂപയാണ്.മാസം തോറും വെള്ളക്കരം കൃത്യമായി അടവാക്കാത്തത് മൂലമാണ് ഇപ്രകാരം ഫൈൻ ഇനത്തിൽ വൻതുക ബാധ്യതയായി നിശ്ചയിച്ചിട്ടുള്ളത്.2010-11 സാമ്പത്തിക വർഷത്തിൽ ഒരു തവണ ഒഴികെയും 2014 ഏപ്രിലിനു ശേഷവും വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് തുക അടവാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയുമായുള്ള കണക്കുകൾ അടിയന്തിരമായി പൊരുത്തപ്പെടുത്തേണ്ടതും കുടിശ്ശിക തുകകൾ അടവാക്കി പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എ | 1620016 | 11629880 | 13249896 | 12149522 | 1100374 |
| ബി | - | 4583678 | 4583678 | 4583678 | - |
| സി | 541354 | 6688000 | 7229354 | 7020271 | 209083 |
| ഡി | 517427 | 3757034 | 4274461 | 3280307 | 994154 |
| ഇ | 8606 | 2950000 | 2958606 | 2929018 | 29588 |
| എഫ് | 1391090 | 4307018 | 5698108 | 4777228 | 920880 |
| **ആകെ** | **4078493** | **33915610** | **37994103** | **34740024** | **3254079** |

***നീക്കിയിരിപ്പിന്റെ വിശദാംശം***

| *അക്കൗണ്ടുകൾ* | | *നീക്കിയിരിപ്പ്* |
|---|---|---|
| *ട്രഷറി അക്കൗണ്ടുകൾ* | *അക്കൗണ്ട് നമ്പർ* | *തുക* |
| *VPF A 1* | | *994154* |
| *VPFA 2* | | *931445* |
| *VPFA 3* | | *209083* |

| | | |
|---|---|---|
| *VPFA 4* | | *93627* |
| *VPFA 5* | | *75302* |
| ***ബാങ്ക് അക്കൗണ്ടുകൾ*** | | |
| *ജില്ലാ സഹകരണ ബാങ്ക്-തനത് ഫണ്ട്* | *01* | *916074* |
| *ജില്ലാ സഹകരണ ബാങ്ക്-സാക്ഷരത* | *2165* | *306* |
| *ജില്ലാ സഹകരണ ബാങ്ക്- ദുരിതാശ്വാസ നിധി* | *5181* | *4500* |
| *NREGS – 1)എസ്.ബി.റ്റി ,മാരാമൺ*<br>*2)ഇൻഡ്യൻ ഓവർസീസ് ബാങ്ക്* | *67113194886*<br>*9953* | *22631*<br>*6957* |
| ***ആകെ*** | | ***3254079/-*** |

## 4-2 ഓഡിറ്റ് റിക്കവറി

1. **<u>ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അടവിൽ കുറവ്/ അധികച്ചിലവ് എന്നിവയുടെ തിരിച്ചടവ്</u>**

| *ഓഡിറ്റ് എൻക്വയറി നമ്പർ / തീയതി* | *വിഷയം* | *തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥൻ* | *രസീത് നമ്പർ , തീയതി* |
|---|---|---|---|---|
| 12/23-04-15 | ടാറിന്റെ ബാരൽ വില ഈടാക്കിയതിൽ കുറവ് | **21560/-** | ശ്രീ രാഘവൻ,അസ്സി എൻജിനീയർ | 11502100226 തീ 28-04-15<br>11502100234 തീ 29-4-15 |
| 14/25-04-15 | അധികമായി ടാർ വില നൽകിയത് | **40819/-** | ശ്രീ രാഘവൻ,അസ്സി എൻജിനീയർ | 11502100206 തീ 27-04-15 |
| 15/25-04-2015 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | **976/-** | ശ്രീ മധുസൂദന പണിക്കർ,ഗ്രാമപഞ്ചായത്ത് | 11502100231 തീ 29-04-2015 |

| | | | | |
|---|---|---|---|---|
| | | | സെക്രട്ടറി | |
| | ആകെ | **63355/-** | | |

(2)<u>**മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള റിക്കവറി**</u>

**ഇല്ല**

## 4-3 ഓഡിറ്റ് പ്രത്യവലോകനം

| ***എ) സംക്ഷിപ്ത വിവരം*** | | |
|---|---|---|
| *ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ)* | : | 37669526 |
| *ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | : | 34378833 |
| *വരവിനങ്ങളിലുള്ള നഷ്ടം* | : | - |
| *ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക* | : | 64803/- |
| *ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക* | : | 370000/- |

***<u>ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>***

| *ഖണ്ഡിക നം.* | *നഷ്ടമായ തുക* | | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|---|
| | *ചാർജ്ജ് ചെയ്യാവുന്നവ* | *സർചാർജ്ജ് ചെയ്യാവുന്നവ* | |
| *3-1* | | *62580/-*<br>*(തുല്യമായി)* | *ശ്രീ രാഘവൻ, എൽ.എസ്.ജി.ഡി എൻജിനീയർ*<br>*ശ്രീമതി പ്രീത,എൻ.ആർ.ഇ.ജി.എസ് ഓവർസീയർ* |
| *3-4* | | *2223/-* | *ശ്രീ രാഘവൻ, എൽ.എസ്.ജി.ഡി എൻജിനീയർ* |
| | **ആകെ** | **64803/-** | |

***<u>സി) തടസ്സപ്പെടുത്തിയ തുകകളുടെ വിവരം</u>***

| ഖണ്ഡിക നം | തുക | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|

| | | |
|---|---|---|
| 3-6 | 345000/- | ശ്രീ മധുസൂദന പണിക്കർ,ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 3-13 | 25000/- | ശ്രീ മധുസൂദന പണിക്കർ,ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| **ആകെ** | 370000/- | |

### *ഡി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>*

*-ഇല്ല-*

### *ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>:-*

*ഖണ്ഡിക 3-7*

### *എഫ്) <u>ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും, വിലാസവും</u>*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പി.സി രാഘവൻ<br>എൽ.എസ്.ജി.ഡി എൻജിനീയർ | എൽ.എസ്.ജി.ഡി. എൻജിനീയർ<br>തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | വൈകുണ്ഡം<br>പുത്തനമ്പലം.പി.ഒ<br>ഐവർകാല,കൊല്ലം |
| ശ്രീമതി പ്രീതാ.ടി.കെ<br>എൻ.ആർ.ഇ.ജി.എസ് ഓവർസിയർ | എൻ.ആർ.ഇ.ജി.എസ് ഓവർസിയർ<br>തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്. | തടത്തിൽ ഹൗസ്,<br>മാമ്പറ പി.ഒ<br>കോടുകുളഞ്ഞി |

### *ജി) <u>ഓഡിറ്റ് സംഗ്രഹം</u>*

1. *പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.*
2. *കൃഷി,മൃഗസംരക്ഷണം എന്നീ മേഖലകൾക്ക് കൂടുതൽ ഊന്നൽ കൊടുത്ത് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.*

3. പൊതുമരാമത്ത് പ്രവൃത്തികളിലെ കൺവീനർ കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ പ്രത്യേകിച്ച് പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

**(ജി) ഓഡിറ്റ് എൻകയറികളുടെ വിവരം**

| നൽകിയ ഓഡിറ്റ് എൻകയറികളുടെ വിവരം | മറുപടി ലഭിച്ചത് | മറുപടി ലഭിക്കാൻ അവശേഷിക്കുന്നത് | റിമാർക്ക് |
|---|---|---|---|
| 18 | 10 | 8 | ഓഡിറ്റ് എൻകയറികൾക്ക് മറുപടി നൽകുന്ന വിഷയത്തിൽ കൂടുതൽ കാര്യക്ഷമമായ സമീപനം ഉണ്ടാകണം.എല്ലാ ഓഡിറ്റ് എൻകയറികൾക്കും മറുപടി നൽകാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. |

## 4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഒഴിവാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി3 /161/00 തീ. 25-08-2000 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി7 /260/99 തീയതി 24-09-2009/ 27-07-2010 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി 5/302/11 തീയതി 03-06-2011/13-09-2012 | |
| 2007-08 മുതൽ 2009-10 വരെ | എൽ.എഫ്.പി.റ്റി.എ-പി 8/943/12 തീയതി 16-02-2011<br>തീയതി 16-12-2011 / 10-05-2013 | |
| 2010-11 | | |
| 2011-12 മുതൽ | എൽ.എഫ്.പി.റ്റി.എ-പി8/684/14തീയതി 19-11-2014/12-01-2015 | |

| | | | |
|---|---|---|---|
| 2012-13 വരെ | | | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-5 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ). ചാർജ്/ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

-----------------ഇല്ല-----------------

(ബി) ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

---------------ഇല്ല-------------------

**ഡെപ്യൂട്ടി ഡയറക്ടർ**

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട ജില്ല**